"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ- 01/04/1964 ന് മുമ്പ് M/s മലയാളം പ്ലാന്റേഷൻസ് (യു.കെ) ലിമിറ്റഡിന്റെയും ടി കമ്പനിയുടെ മുൻഗാമികളുടെയും സമാനമായ മറ്റ് കമ്പനികളുടെയും വ്യക്തികളുടെയും കൈവശമിരുന്നതും പിൽക്കാലത്ത് വിവിധതരം കൈമാറ്റങ്ങളിലൂടെ നേടിയതും ലാൻഡ് ട്രൈബ്യൂണൽ പട്ടയം ലഭിച്ചിട്ടില്ലാത്തതുമായ ഭൂമി നിലവിൽ കൈവശം വയ്ക്കുന്ന ചെറുകിട കൈവശക്കാരുടെ ഉടമസ്ഥത സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിക്കേണ്ട നടപടി- സ്പഷ്ടീകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.2737/2024/RD തീയതി,തിരുവനന്തപുരം, 17-11-2024

---

പരാമർശം:-

1. 01.10.2015 ലെ സ.ഉ (എം.എസ്) 542/2015/റ വ നമ്പർ ഉത്തരവ്
2. 10.05.2019 ലെ സ.ഉ (കൈ) 133/2019/റ വ നമ്പർ ഉത്തരവ്
3. 06.06.2019 ലെ സ.ഉ (കൈ) 172/2019/റവ നമ്പർ ഉത്തരവ്
4. വയനാട് ജില്ലാ കലക്ടറുടെ 22.01.2021 ലെ DCWYD/9124/ 2020-L4 നമ്പർ കത്ത്
5. ലാൻഡ് ബോർഡ് സെക്രട്ടറിയുടെ 04.02.2023 ലെ എൽ.ബി.എ3-2921/2022 നമ്പർ കത്ത്
6. ലാൻഡ് റവന്യൂ കമ്മീഷണറുടെ 24.04.2023 ലെ LR/1403/ 2021-LR(J8) നമ്പർ കത്ത്

**ഉത്തരവ്**

വയനാട് ജില്ലയിൽ M/s ഹാരിസൺസ് മലയാളം ലിമിറ്റഡിന്റെയോ അവരുടെ മുൻഗാമികളുടെയോ കൈവശമുണ്ടായിരുന്നതും പിൽക്കാലത്ത് മറ്റുള്ളവർക്ക് കൈമാറ്റം ചെയ്തിട്ടുള്ളതും നിയമാനുസൃതമായി ലാൻഡ് ട്രൈബ്യൂണൽ പട്ടയം ലഭിച്ചിട്ടുള്ളതുമായ ഭൂമി, ഭൂപരിഷ്കരണ നിയമത്തിലെ സെക്ഷൻ 82 പ്രകാരമോ, സെക്ഷൻ 7 E പ്രകാരമുള്ള 4

ഏക്കറിനുള്ളിലോ ഉള്ള സീലിംഗ് പരിധിക്കുള്ളിലാണെന്ന് ഉറപ്പ് വരുത്തികൊണ്ട് കൈവശക്കാരിൽ നിന്ന് കരം സ്വീകരിക്കുന്നതിനും പോക്കുവരവ് നടത്തുന്നതിനും റവന്യൂ രേഖകൾ നൽകുന്നതിനും നിയമാനുസൃതമായി ക്രയവിക്രയങ്ങൾ നടത്തുന്നതിനും അനുമതി നൽകികൊണ്ട് പരാമർശം 2 സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. ഹാരിസൺസ് മലയാളം ലിമിറ്റഡ് കമ്പനിയിൽ നിന്നും ജന്മാധാരമായി 01.01.1970 നു മുൻപും ശേഷവുമായി ഭൂമി കൈമാറി ലഭിച്ചിട്ടുള്ളവരിൽ നിന്നും ഭൂനികുതി സ്വീകരിച്ച് വരുന്നുണ്ടെങ്കിലും നിയമാനുസൃതമായി ലാൻഡ് ട്രൈബ്യൂണൽ പട്ടയം ലഭിച്ചിട്ടില്ലാത്തതിനാൽ പോക്കുവരവ് ചെയ്യുന്നതിനോ തണ്ടപ്പേർ അനുവദിക്കുന്നതിനോ കഴിയുന്നില്ല എന്നും ജന്മാധാരമായതിനാൽ പട്ടയം നൽകാൻ കഴിയാത്ത സാഹചര്യത്തിൽ പ്രശ്നപരിഹാരത്തിനായി സ്വീകരിക്കേണ്ട നടപടി സംബന്ധിച്ച് സ്പഷ്ടീകരണം നൽകണമെന്നും വയനാട് ജില്ലാ കളക്ടർ പരാമർശം (4) പ്രകാരം അഭ്യർഥിച്ചിരുന്നു.

3. ബഹു. ഹൈക്കോടതിയുടെ WP(C)33122/2014 & Ors കേസുകളിലെ 11/04/2018 ലെ വിധിന്യായത്തിന്റെ പശ്ചാത്തലത്തിൽ, M/s ഹാരിസൺസ് മലയാളം ലിമിറ്റഡോ അവരുടെ മുൻഗാമികളോ സമാനമായ വിദേശ കമ്പനികളോ വ്യക്തികളോ സ്വാതന്ത്ര്യത്തിനുമുൻപ് കൈവശം വച്ചിരുന്നതും നിയമാനുസൃതമായി ഉടമസ്ഥത സ്ഥാപിക്കാതെ കൈമാറ്റം ചെയ്തിട്ടുള്ളതുമായ ഭൂമിയിൽ സർക്കാരിന്റെ ഉടമസ്ഥത (title) സ്ഥാപിച്ച് കിട്ടുന്നതിനായി സിവിൽ കേസുകൾ ഫയൽ ചെയ്യുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തികൊണ്ട് പുറപ്പെടുവിച്ച പരാമർശം (3) ഉത്തരവിൻ പ്രകാരം ഫയൽചെയ്തുവരുന്ന ടൈറ്റിൽ സ്യൂട്ടുകൾ സിവിൽ കോടതികളുടെ പരിഗണനയിലുള്ളതും തീർപ്പ് കൽപ്പിച്ചിട്ടില്ലാത്തതുമാകുന്നു. പാട്ടഭൂമികൾ സംബന്ധിച്ച് കേരള ഭൂ പരിഷ്കരണ നിയമം വകുപ്പ് 13 പ്രകാരമുള്ള കുടിയായ്മ സ്ഥിരത നിർണ്ണയിക്കൽ (fixity of tenure), വകുപ്പ് 50 പ്രകാരമുള്ള കുടിയായ്മയുടെ കൈമാറ്റ സാധുത എന്നിവയൊക്കെ സിവിൽ കോടതിയുടെ അധികാരത്തോടെ പ്രവർത്തിക്കുന്ന ലാൻഡ് ട്രൈബ്യൂണലുകളുടെ അഡ്ജ്യൂഡിക്കേഷന് വിധേയവുമാണ്.

4. 01/04/1964 ന് മുമ്പ് M/s മലയാളം പ്ലാന്റേഷൻസ് (യു.കെ) ലിമിറ്റഡിന്റെയും ടി കമ്പനിയുടെ മുൻഗാമികളുടെയും സമാനമായ കമ്പനികളുടെയും വ്യക്തികളുടെയും കൈവശമിരുന്നതും പിൽക്കാലത്ത് വിവിധതരം കൈമാറ്റങ്ങളിലൂടെ നേടിയതും ലാൻഡ് ട്രൈബ്യൂണൽ പട്ടയം ലഭിച്ചിട്ടില്ലാത്തതുമായ ഭൂമിയിലുള്ള ചെറുകിട കൈവശക്കാരുടെ ഉടമസ്ഥത സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് 1963 ലെ കേരള ഭൂപരിഷ്കരണ നിയമം പ്രാബല്യത്തിലായ 01/04/1964 ൽ പ്രസ്തുത ഭൂമിയിൽ കുടിയാൻ (tenant) നിലവിലുണ്ടായിരുന്നു എന്നതിന് തെളിവായി പ്രസ്തുത തീയതിക്ക് മുൻപായി കമ്പനികൾ ചമച്ച ആധാരങ്ങളെ സബ് ലീസ് കരാറുകളായി പരിഗണിക്കാവുന്നതാണെന്ന് ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശം (6) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

5. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 01/04/1964 ന് മുമ്പ് M/s മലയാളം പ്ലാന്റേഷൻസ് (യു.കെ) ലിമിറ്റഡിന്റെയും ടി കമ്പനിയുടെ മുൻഗാമികളുടെയും സമാനമായ കമ്പനികളുടെയും വ്യക്തികളുടെയും കൈവശമിരുന്നതും പിൽക്കാലത്ത് വിവിധതരം കൈമാറ്റങ്ങളിലൂടെ നേടിയതും ലാൻഡ് ട്രൈബ്യൂണൽ പട്ടയം ലഭിച്ചിട്ടില്ലാത്തതുമായ ഭൂമി നിലവിൽ കൈവശം വയ്ക്കുന്ന ചെറുകിട കൈവശക്കാരുടെ ഉടമസ്ഥത സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് 1963 ലെ കേരള ഭൂപരിഷ്കരണ നിയമം പ്രാബല്യത്തിലായ

01/04/1964 ൽ പ്രസ്തുത ഭൂമിയിൽ കുടിയാൻ (tenant) നിലവിലുണ്ടായിരുന്നു എന്നതിന് തെളിവായി പ്രസ്തുത തീയതിക്ക് മുൻപായി കമ്പനികൾ ചമച്ച ആധാരങ്ങളെ സബ് ലീസ് കരാറുകളായി കണക്കാക്കി, 01/04/1964നു മുൻപായി ഉപ-പാട്ടം മുഖേന പാട്ടഭൂമിയിൽ അവകാശം സിദ്ധിച്ചവരും ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെട്ടവരുമായ ഗുണഭോക്താക്കൾക്കും മറ്റ് ചെറുകിട കൈവശക്കാർക്കും വകുപ്പ് 72 C പ്രകാരം ക്രയസർട്ടിഫിക്കറ്റ് അനുവദിക്കുന്ന വിഷയം പരിഗണിക്കാവുന്നതാണെന്ന് വ്യക്തത വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

6. ഇക്കാര്യത്തിലുള്ള നിയമാനുസൃതമായ തുടർ നടപടികൾ ലാൻഡ് റവന്യൂ കമ്മീഷണർ, ലാൻഡ് ബോർഡ് സെക്രട്ടറി, ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ എന്നിവർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

1. ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (എ & ഇ /ആഡിറ്റ്), കേരള, തിരുവനന്തപുരം.
3. സ്റ്റേറ്റ് സ്പെഷ്യൽ ഓഫീസർ & കളക്ടർ, ഗവൺമെന്റ് ലാൻഡ് റിസംപ്ഷൻ, തിരുവനന്തപുരം
4. സെക്രട്ടറി ലാൻഡ് ബോർഡ്, തിരുവനന്തപുരം
5. ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ
6 ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
7. റവന്യൂ (എൽ, എൻ) വകുപ്പ്
8. കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Suresh Kumar K
Date: 19-11-2024 15:15:11
സെക്ഷൻ ഓഫീസർ